**<u>തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്</u>**
**<u>മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം</u>**
**<u>തിരുവനന്തപുരം</u>**

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - കണ്ണൂർ ജില്ല - കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ - കണ്ണൂർ വില്ലേജ് - വാണിജ്യ കെട്ടിട നിർമ്മാണം - കൺകറൻസ് നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 20/10/2021 ലെ ഇ 3/9875/2021 നമ്പർ കത്ത്.

2. കണ്ണൂർ ജില്ലാ ടൗൺ പ്ലാനറുടെ 26/11/2021- ലെ TCPKNR/573/2021-C നമ്പർ കത്ത്.

---

<u>കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം</u>

ഉത്തരവ്. നം. TCPCTP/2784/2021-D3 തീയതി:**10/01/2022**

---

കണ്ണൂർ ജില്ലയിലെ കണ്ണൂർ നഗരസഭ പരിധിയിലുള്ള കണ്ണൂർ I വില്ലേജിൽ റീ സർവ്വേ നമ്പർ 844-ൽ വാർഡ് നമ്പർ 3 എന്നിവയിൽപ്പെട്ട 228.00 sq.m വിസ്തീർണ്ണമുള്ള സ്ഥലത്ത് അഞ്ചു നിലകളിലായി (B+G+3) 732.20 ച.മീ. വിസ്തീർണ്ണവുമുള്ള ഒരു വാണിജ്യ ആവശ്യത്തിനുവേണ്ടിയുള്ള കെട്ടിടം (Group F) ക്രമവൽക്കരിക്കുന്നതിനായി പ്രസിദ്ധീകരിച്ച ഡി.ടി.പി. സ്കീം ഫോർ താവക്കര സൗത്ത് പ്രകാരമുള്ള കൺകറൻസിനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. പി.കെ.മുഹമ്മദ് ഷമീം മിസിരിയസ്, ചെമ്മനശ്ശേരിപാറ -ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .എം.ബി.ആർ 2019-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി ഡി.ടി.പി. പ്രകാരമുള്ള കൺകറൻസ് നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. താഴെ പറയുന്ന നിബന്ധനകൾ പൂർണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ NOC/ അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പ വരുത്തിയ ശേഷം മാത്രമെ സെക്രട്ടറി കെട്ടിട നിർമ്മാണ അനുമതി/ഒക്കുപെൻസി നൽകുവാൻ പാടുള്ളൂ.
2. കെ.എം.ബി.ആർ 1999 ലെ ചട്ടം (11) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, അതിരുകൾ, വിസ്തൃതി, അപേക്ഷകന്റെ നിർമ്മാണ അവകാശം എന്നിവയും നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.

3. നിർമ്മാണം 2018 ലെ ക്രമവൽക്കരണ ഉത്തരവിലെ നിബന്ധനകൾക്കും ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം
4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി വാങ്ങിയിരിക്കണം.
6. കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.

ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം

രാജീവൻ പിട്ടൻ
ടൗൺ പ്ലാനർ
(ചീഫ് ടൗൺപ്ലാനർക്കുവേണ്ടി)

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

ടൗൺപ്ലാനർ, കണ്ണൂർ

പകർപ്പ്:-

1. ശ്രീ. മുഹമ്മദ് ഷമീം മിസിരിയ, ചെമ്മനശ്ശേരിപാറ(പി.ഒ)
2. സെക്രട്ടറി, കണ്ണൂർ നഗരസഭ
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം